**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2117** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് ക്ലെയിം കഴിച്ചുള്ള തുക കൂടി മെഡിക്കൽ റീ ഇമ്പഴ്സ്മെന്റായി ലഭിക്കുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന സ്വകാര്യ പാനൽ ആശുപത്രികളിൽ നിശ്ചിത തുകയ്ക്ക് മെഡിക്കൽ ഇൻഷുറൻസ് ഉള്ള സർക്കാർ ഉദ്യോഗസ്ഥരോ അവരുടെ നിയമാനുസൃത ആശ്രിതരോ ചികിത്സ നടത്തുമ്പോൾ ആശുപത്രിയിൽനിന്ന് ഒറിജിനൽ ബിൽ ബന്ധപ്പെട്ട ഇൻഷുറൻസ് കമ്പനിക്ക് അയച്ചുകൊടുക്കുന്നുണ്ടെങ്കിലും ഇൻഷ്വറൻസ് തുക കഴിച്ച് ബാക്കി വരുന്ന തുക ആരോഗ്യവകുപ്പിൽ ക്ലെയിം ചെയ്യുന്നതിന് ഒറിജിനൽ ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി സർട്ടിഫൈ ചെയ്താണ് സ്വകാര്യ ആശുപത്രികൾ നൽകി വരുന്നതെന്നതിനാൽ ഭാഗിക തുകക്കുള്ള മെഡിക്കൽ റി-ഇമ്പേഴ്സ്മെന്റ് ക്ലെയിം ബില്ലുകൾ ആരോഗ്യ വകുപ്പ് നിരസിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | സ്വകാര്യ ആശുപത്രികൾ ഒർജിനൽ ബിൽ നൽകാത്തത് കാരണം നിരവധിപേർക്ക് മൊത്തം ചെലവായ തുകയുടെ ഇൻഷ്വറൻസ് തുക കഴിച്ചുള്ള ബാക്കി തുക ലഭിക്കാതിരിക്കുന്നത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലുള്ള നിയമപ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം അസ്സൽ ബില്ലുകൾ ഹാജരാക്കേണ്ട താണ്. അസ്സൽ ബില്ലുകൾ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ഹാജരാക്കിയ കാരണത്താൽ ഡ്യൂപ്ലിക്കേറ്റ് ബില്ലുകൾ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി സമർപ്പിക്കുന്ന കേസുകളിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറോ ജില്ലാ മെഡിക്കൽ ഓഫീസറോ അനുവദനീയം എന്ന് കണ്ടെത്തുന്ന തുകയിൽ നിന്നും ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ തുക കിഴിച്ച് ബാക്കി തുക പ്രത്യേക കേസായി പരിഗണിച്ച് മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകി വരുന്നു. |
| (സി) | സ്വകാര്യ ആശുപത്രികളിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് ചെലവാകുന്ന തുകയുടെ ബില്ലുകൾ ഓൺലൈൻ ആയി ആരോഗ്യ വകുപ്പിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | 1960-ലെ KGSMA ചട്ടങ്ങൾ പ്രകാരമാണ് സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ചു വരുന്നത്. പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള രേഖകൾ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അനിവാര്യമായതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഓൺലൈൻ ആക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ